# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/204/2016 പത്രക്കുറിപ്പ് 2016 സെപ്തംബർ 24

## പരീക്ഷാ തീയതി

മൂന്നും നാലും സെമസ്റ്റർ എം.ബി.എ (പഴയ സ്കീം – 2010 ആന്റ് 2011 അഡ്മിഷൻ മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകൾ യഥാക്രമം ഒക്ടോബർ 26, നവംബർ 11 തീയതികളിൽ ആരംഭിക്കും.

## പരീക്ഷാ ഫലം

2015 ഡിസംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി അക്ച്യൂരിയൽ സയൻസ് (പി.ജി.സി.എസ്.എസ് – റഗുലർ/ബെറ്റർമെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 7 വരെ അപേക്ഷിക്കാം.

## എം.എസ്.സി ബയോകെമിക്കൽ ഇൻസ്ട്രമെന്റേഷൻ സീറ്റൊഴിവ്

എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ നടത്തുന്ന പ്രൊഫഷണൽ പി.ജി കോഴ്സായ എം.എസ്.സി ബയോ മെഡിക്കൽ ഇൻസ്ട്രമെന്റേഷൻ കോഴ്സിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഓപ്ഷണൽ വിഷയങ്ങൾക്ക് 50 ശതമാനം മാർക്കോടെയുള്ള മാത്തമാറ്റിക്സ്/ഫിസിക്സ്/ഇൻസ്ട്രമെന്റേഷൻ/ഇലക്ട്രോണിക്സ് എന്നിവ മെയിനായോ സബ് ആയോ ഉള്ള ബിരുദം ആണ് യോഗ്യത. താൽപര്യമുള്ളവർ ഒറിജിനൽ സർട്ടിഫിക്കറ്റുകളും ഫീസുമായി രക്ഷിതാക്കളോടൊപ്പം എത്തിച്ചേരണം. ഫോൺ 0481-6061014, 6061012.

## അവാർഡ് വിതരണം

ത്രിവൽസര എൽ.എൽ.ബി പരീക്ഷയിൽ ഒന്നാം റാങ്ക് നേടുന്നവർക്കുള്ള എൻ.ഗോവിന്ദമേനോൻ അവാർഡ് നൂറിയ ഒ. എ, ലിസാ മെഗാൻ സിറിയക് എന്നിവർ അർഹരായി. ടസപ്തംബർ 26ന് സർവ്വകലാശാലയിൽ നടക്കുന്ന ചടങ്ങിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ കാഷ് അവാർഡും സർട്ടിഫിക്കറ്റും വിതരണം ചെയ്യും.

## സ്പെഷ്യൽ വിജിലൻസ് സ്ക്വാഡ്

യൂണിവേഴ്സിറ്റി പരീക്ഷകളുടെ ക്രമക്കേടുകൾ തടയുന്നതിനായി 2016-17-ലേക്കുള്ള സ്പെഷ്യൽ വിജിലൻസ് സ്കോഡ് സെപ്തംബർ 6 മുതൽ പുനഃസംഘടിപ്പിച്ചു. ഈ സ്ക്വാഡിലെ കൺവീനർമാരുടെയും മെമ്പർമാരുടെയും യോഗം സെപ്തംബർ 27ന് രാവിലെ 11 മണിക്ക് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തും. എല്ലാ കൺവീനർമാരും അവരുടെ ടീം അംഗങ്ങളും പ്രസ്തുത മീറ്റിങ്ങിൽ പങ്കെടുക്കണം. എല്ലാ അംഗങ്ങളും അവരവരുടെ ഒരു പാസ് പോർട്ട് സൈസ് ഫോട്ടോഗ്രാഫും കൊണ്ടുവരണം.

## പി.എച്ച്.ഡി ബിരുദം നൽകി

എം.ജി സർവ്വകലാശാലയിൽ നിന്നും ചുബിക്ക തോമസ്, ലിജു വി.ബി (ബയോകെമിസ്ട്രി), സീമ വർഗീസ്, ശരത്ചന്ദ്രൻ സി. (കെമിസ്ട്രി), പ്രസാദ് പി.എൻ (മലയാളം), ജോൺസൺ ജെ. (എജ്യൂക്കേഷൻ), എസ്. നാരായണൻ നായർ, പ്രലീന പി. എൽ, ജോൺ കെ. ബാബു (മാനേജ്മെന്റ് സ്റ്റഡീസ്), ആദിത്യ മേനോൻ, മഞ്ജു അലക്സ് (ബയോസയൻസസ്), ശ്രീജിത് വി, ലൗലി ഏബ്രഹാം റ്റി (സ്റ്റാറ്റിസ്റ്റിക്സ്), ഇ. ലക്ഷ്മി, ജോഷി ജോർജ് (എൻവയോൺമെന്റൽ സയൻസസ്), ജെയ്സൺ പി. ജേക്കബ്, സജിൻ പി. ജെ (ഇംഗ്ലീഷ്), മധുസൂധൻ ബി (പൊളിറ്റിക്സ്), സ്മിത കെ. കെ (ഫിസിയോളജി), ബാബു ജോർജ് (ബിഹേവിയറൽ സയൻസ്), റാണി ആന്റണി, പ്രഭ സി. (ഹിന്ദി), സ്നേഹ മാത്യു, മഞ്ജു വി. മധു (മലയാളം), ആന്റോ എസ്. വി (സോഷ്യൽ വെൽഫയർ ആന്റ് റൂറൽ മാനേജ്മെന്റ്), സോണി റ്റി. എൽ., ജയചന്ദ്രൻ വി.എൻ., (ഇക്കണോമിക്സ്), സൗമി മേരി എം., സി. പദ്മനാഭൻ (ഇംഗ്ലീഷ്), സിജോ കെ. മാനുവൽ (ഇന്റർനാഷണൽ റിലേഷൻസ്), ആൻസി ജെയിംസ് (ഹിസ്റ്ററി), സാജു എം. ഡി (സോഷ്യൽ വർക്ക്) എന്നിവർക്ക് പി.എച്ച്.ഡി ബിരുദം നൽകി.

## എം.ജി നാഷണൽ  സർവ്വീസ് സ്കീമിന് സംസ്ഥാന സർക്കാർ പുരസ്കാരം

2015–16 വർഷത്തെ മികച്ച നാഷണൽ സർവ്വീസ് സ്കീമിനുള്ള സംസ്ഥാന ഗവൺമെന്റിന്റെ പുരസ്കാരം മഹാത്മാ ഗാന്ധി സർവ്വകലാശാലയ്ക്ക് സെപ്തംബർ 24ന് (ഇന്നലെ) തൃശൂർ ടൗൺ ഹാളിൽ സംസ്ഥാന കൃഷി വകുപ്പ് മന്ത്രി അഡ്വ. വി.എസ്.സുനിൽകുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥിൽ നിന്നും വൈസ് ചാൻസലർ ഡോ. ബാബു സെബസാറ്റ്യൻ, എൻ. എസ്.എസ് പ്രോഗ്രാം കോ–ഓർഡിനേറ്റർ ഡോ. കെ. സാബുക്കുട്ടൻ എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി. സംസ്ഥാനത്തെ മികച്ച പ്രോഗ്രാം കോർഡിനേറ്റർക്കുള്ള പുരസ്കാരത്തിന് എം.ജി സർവ്വകലാശാല എൻ.എസ്.എസ് പ്രോഗ്രാം കോ–ഓർഡിനേറ്റർ ഡോ. കെ. സാബുക്കുട്ടൻ അർഹനായി.

പരിസ്ഥിതി സംരക്ഷണം, ജൈവകൃഷിവ്യാപനം, മഴക്കുഴി നിർമ്മാണം, നദീസംരക്ഷണം, പ്ലാസ്റ്റിക് മാലിന്യങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്വച്ഛ് ഭാരത് അഭിയാൻ, ഇ–ജാലകം, നിർദ്ധനർക്കുള്ള ഭവനങ്ങളുടെയും ശൗചാലയങ്ങളുടെയും നിർമ്മാണം, രക്തദാനം, മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള  ബോധവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് പുരസ്കാരം. സർവ്വകലാശാലയിലെ  205 എൻ.എസ്.എസ് യൂണിറ്റുകളുടെ കൂട്ടായ പ്രവർത്തനമാണ് ഈ പുരസ്കാരത്തിന് അർഹമാക്കിയത്. മികച്ച പ്രോഗ്രാം ഓഫീസർക്കുള്ള പുരസ്കാരം എം.ജി സർവ്വകലാശാലയിലെ തന്നെ ജോബി ബാബു (കുട്ടിക്കാനം മരിയൻ കോളജ്), സ്വർണ്ണ തോമസ്, (ആലുവ സെന്റ് സേവ്യേഴ്സ് കോളജ്), ഷഹന കെ. വി (എറണാകുളം മഹാരാജാസ് കോളജ്), അഖിൽ അലക്സ് (പത്തനംതിട്ട കാതോലിക്കേറ്റ് കോളജ്) എന്നിവരും ഏറ്റുവാങ്ങി.

*അടിക്കുറിപ്പ്*

*മികച്ച നാഷണൽ സർവ്വീസ് സ്കീമിനുള്ള സംസ്ഥാന ഗവൺമെന്റിന്റെ പുരസ്കാരം വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്, കൃഷി വകുപ്പ് മന്ത്രി അഡ്വ. വി.എസ്.സുനിൽകുമാർ എന്നിവരിൽ നിന്നും മഹാത്മാ ഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ബാബു സെബസാറ്റ്യൻ, എൻ.എസ്.എസ് പ്രോഗ്രാം കോ–ഓർഡിനേറ്റർ ഡോ. കെ. സാബുക്കുട്ടൻ എന്നിവർ ഏറ്റുവാങ്ങുന്നു*

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)